## പതിനാലാം കേരള നിയമസഭ

### അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.703 — 27.04.2017-ൽ മറുപടിയ്ക്ക്

### വനംകൊള്ള തടയൽ

**ചോദ്യം**

ശ്രീ. എ.എൻ.ഷംസീർ

**ഉത്തരം**

അഡ്വ.കെ.രാജു
(വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ് മന്ത്രി)

| ചോദ്യം | ഉത്തരം |
|---|---|
| (എ) കേരളത്തിൽ വനംകൊള്ള തടയുന്നതിന് എന്തൊക്കെ മുൻകരുതലുകളാണ് സ്വീകരിച്ചിട്ടുള്ളത്; | (എ) സംസ്ഥാനത്തെ വനം കൊള്ളയും കൈയ്യേറ്റ ശ്രമങ്ങളും തടയുന്നതിന്റെ ഭാഗമായി കുറ്റകൃത്യങ്ങൾ യഥാസമയം കണ്ടെത്തുകയും അവ തടയുകയും കുറ്റക്കാർക്കെതിരെ ശക്തമായ നിയമനടപടികൾ സ്വീകരിച്ച് വരികയും ചെയ്യുന്നു. വന ഭൂമിയുടെ സംരക്ഷണത്തിനായി വനാതിർത്തി നിർണ്ണയിച്ച് സ്ഥിരം ജണ്ട കെട്ടിയും കയ്യാല സ്ഥാപിച്ചും, വനം കൈയ്യേറ്റത്തിന് സാദ്ധ്യതയുള്ള സ്ഥലങ്ങളിൽ നിരന്തരം പട്രോളിംഗ് നടത്തിയും ജനപങ്കാളിത്ത പ്രവർത്തനങ്ങളിലൂടെ വനസംരക്ഷണം നടത്തുന്നു. കാട്ടുതീ മൂലം സ്വാഭാവിക വനങ്ങൾ നശിക്കാതിരിക്കാൻ ഫയർ ലൈനുകൾ നിർമ്മിക്കുകയും ഫയർ വാച്ചർമാരെ നിയോഗിക്കുകയും ചെയ്യുന്നു. വനസംരക്ഷണത്തിന്റെ ഭാഗമായി വനമേഖലയിൽ ക്യാമറാട്രാപ്പ് സ്ഥാപിച്ചിട്ടുണ്ട്. ചന്ദന മരങ്ങളുടെ സംരക്ഷണത്തിനായി വനമേഖലയ്ക്ക് ചുറ്റും കമ്പിവേലി നിർമ്മിച്ച് സംരക്ഷിച്ച് വരുന്നു. വനസംരക്ഷണത്തിനായി ദിവസ വേതനാടിസ്ഥാനത്തിൽ വാച്ചർമാരെ നിയോഗിക്കാറുണ്ട്. വനമേഖലയിലെ ജലലഭ്യത ഉറപ്പ് വരുത്തുന്നതിന് ചെക്കുഡാമുകളും, കുളങ്ങളും മറ്റും നിർമ്മിക്കാറുണ്ട്. വനസംരക്ഷണ |

| | | |
|---|---|---|
| | | പ്രവർത്തനങ്ങളിൽ ജനങ്ങളെ ബോധവാന്മാരാക്കുന്നതിലേയ്ക്കായി പ്രകൃതി പഠന ക്യാമ്പുകളും അവയർനെസ് പരിപാടികളും സംഘടിപ്പിച്ചു വരുന്നു. |
| (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം വനംകൊള്ളയ്ക്കെതിരെ എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്? | (ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം വനംകൊള്ളയ്ക്കെതിരെ 510 കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ